

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

കുഴൽമന്ദം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.PKD/P-15/1666 / 2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 11/11/2025
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുഴൽമന്ദം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുഴൽമന്ദം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുഴൽമന്ദം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.PKD/P-15/1666 / 2025 തീയ്യതി: 11/11/2025

പാലക്കാട് ജില്ലയിലെ കുഴൽമന്ദം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കുഴൽമന്ദം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 05-09-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-08-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
രേഖ.ആർ	സീനിയർഡെപ്യൂട്ടി ഡയറക്ടർ	11-08-2025	12-08-2025
സാബു.പി	ഡെപ്യൂട്ടി ഡയറക്ടർ	13-08-2025	20-08-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
11-08-2025	20-08-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. വിദ്യ. പി, ഓഡിറ്റ് ഓഫീസർ
ശ്രീമതി. ആതിര. എച്ച്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. രഞ്ജിത്. ആർ ,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. സന്ദീപ. കെ.വി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി മിനി നാരായണൻ	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീ.ചന്ദ്രലാൽ.വി.സി	സെക്രട്ടറി	01-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി പ്രിയ വല്ലാട്ട്	കൃഷി ഓഫീസർ	01-04-2024	31-03-2025
ശ്രീമതി രമ്യരാജ്	ഐസിഡിഎസ് സൂപ്പർവൈസർ	01-04-2024	31-03-2025
ശ്രീമതി ഉമൈബ	ഡയറി ഫാം ഇൻസ്പെക്ടർ	01-04-2024	31-03-2025
ശ്രീ.പ്രസാദ്.ടി.എസ്	അസി.സെക്രട്ടറി	01-04-2024	31-03-2025
ഡോ.സിന്ധു.എം.എ	മെഡിക്കൽ ഓഫീസർ.സി.എച്ച്.സി	01-04-2024	31-03-2025
ഡോ.സിനി എബ്രഹാം	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2024	31-03-2025
ഡോ.ശിവദാസ് മേനോൻ	മെഡിക്കൽ ഓഫീസർ, ആയുർവേദം	01-04-2024	31-03-2025
ഡോ. ഗോപാലകൃഷ്ണൻ	വെറ്ററിനറി സർജൻ	01-04-2024	31-03-2025
ശ്രീമതി .നിർമ്മല	എച്ച്.എം	01-04-2024	31-03-2025
ശ്രീ. വേണുഗോപാലൻ.ബി	ഫിഷറീസ് സബ് ഇൻസ്പെക്ടർ	01-04-2024	31-03-2025
ശ്രീമതി .റഹ്മത്ത്.ജെ	വി.ഇ.ഒ 1	01-04-2024	31-03-2025
ശ്രീ.അബ്ദുൾ ഗഫൂർ ചാലിയാൻ	വി.ഇ.ഒ 2	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സാക്ഷ്യപത്രം	1-1
2	അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല	1-1-1
3	കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ അപാകത	1-1-2
4	ആസ്തി വിവരങ്ങൾ കാലികമാക്കിയിട്ടില്ല	1-1-3
5	പ്രതിമാസ പൊരുത്തപ്പെടൽ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ	1-1-4
6	ബജറ്റ്	1-2
7	സാമ്പത്തിക വിശകലനം	1-3
8	ഗ്രാന്റ് വിനിയോഗം	1-4
9	പദ്ധതി അവലോകനം	1-5
10	തൊഴിലുറപ്പു പദ്ധതി	1-6
11	ക്ഷേമപദ്ധതികൾ	1-7
12	ക്യാഷ് പരിശോധന	1-8
13	ആഭ്യന്തര നിയന്ത്രണം	1-9
14	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
15	തൊഴിൽനികുതി ഈടാക്കിയതിലുള്ള അപാകങ്ങൾ	1-11
16	വാടക കെട്ടിടത്തിലെ ഒഴിഞ്ഞ് കിടക്കുന്ന മുറികൾ ലേലം ചെയ്തിട്ടില്ല.	1-12-1
17	വാടക കുടിശ്ശിക പിരിച്ചെടുക്കുത്തിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.	1-12-2
18	വാടക ബൈലോ തയാറാക്കേണ്ടതാണ്	1-12-3
19	വാടക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ	1-12
20	കെ സ്മാർട്ട് വഴിയുള്ള ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ-	1-13
21	ഹോമിയോ ഡിസ്പെൻസറിയിലേക്ക് മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല.	1-14
22	കറവയുള്ള പശു വളർത്തൽ പദ്ധതി- പദ്ധതി പൂർത്തിയായില്ല	1-15
23	ഭവന പുനരുദ്ധാരണം- പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്	1-16
24	വാർഷിക പദ്ധതിയുടെ ഭാഗമാക്കാത്ത പ്രോജക്റ്റിന് തുക ചെലവഴിച്ചു	1-17
25	പദ്ധതി നിർവഹണത്തിലെ കുറവ്	1-18
26	ദുരിതാശ്വാസനിധി അക്കൗണ്ട് -തുക നീക്കിയിരുപ്പില്ല	1-19
27	ബാലസഭാ പ്രവർത്തനങ്ങൾക്ക് അധിക തുക നൽകി	1-20
28	എ.ബി.സി പ്രോഗ്രാം വിനിയോഗ വിവരം ഹാജരാക്കേണ്ടതാണ്	1-21
29	ആശ്രയ പദ്ധതി -വിനിയോഗ വിവരം ഹാജരാക്കേണ്ടതാണ്	1-22
30	ഏറാമംഗലം അങ്കണവാടി നിർമ്മാണം- വിനിയോഗ വിവരം ഹാജരാക്കിയില്ല.	1-23
31	സോഷ്യൽ സെക്യൂരിറ്റി മിഷന് വിഹിതം നൽകൽ- വിനിയോഗ വിവരം ഹാജരാക്കേണ്ടതാണ്	1-24
32	ഐ.കെ.എം വിഹിതം നൽകിയതിലെ അപാകതകൾ	1-25
33	പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മേശ, കസേര വിതരണം -	1-26

	പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ	
34	ഹൈമാസ്റ്റ്/ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ- പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ	1-27
35	പട്ടികജാതി വൃദ്ധർക്ക് കട്ടിൽ- പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല	1-28
36	ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല	1-29
37	ഹരിതകർമ്മസേനയ്ക്ക് സോർട്ടിങ്ങ് ടേബിൾ വാങ്ങൽ- സ്റ്റോക്കിലെടുത്തിട്ടില്ല	1-30
38	ഹരിതകർമ്മസേനയ്ക്ക് വാഹനം ലഭ്യമായിട്ടില്ല	1-31
39	ജൽജീവൻ മിഷൻ പദ്ധതി	1-32
40	ഹെൽത്ത് ഗ്രാന്റ് അവലോകനം	1-33
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	ബാലസഭാ പ്രവർത്തനങ്ങൾക്ക് അധിക തുക നൽകി	3-1
2	ഹൈമാസ്റ്റ്/ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ- പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ	3-2
3	പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മേശ, കസേര വിതരണം - പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ	3-3
ഭാഗം 4		
1	മെഡിസെപ്പ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച പരിശോധന	4-1
2	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം	4-2
3	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-5
6	വായ്പ / വായ്പാതിരിച്ചടവ്	4-6
7	സ്ഥിരനിക്ഷേപം	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം-	4-9
10	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	വാർഷിക കണക്കുകളുടെ സംഗ്രഹം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സാക്ഷ്യപത്രം

1. കുഴൽമന്ദം ഗ്രാമ പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 20.06.25തീയതിയിലെ 5/1-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 19.07.25 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാനവൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കുഴൽമന്ദം ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ

ചിത്രം നൽകുന്നു.

സ്ഥലം: പാലക്കാട്,
തീയതി:

ഡെപ്യൂട്ടി ഡയറക്ടർ

1-1-1 അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്നവ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

എ) ചട്ടം 62 ഇ – അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ – പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ തുടങ്ങിയവ

ബി) ചട്ടം 62 എഫ് – അടിസ്ഥാന അനുപാതങ്ങൾ

1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ അപാകത

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2505288.00 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2637882 .00രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 ആസ്തി വിവരങ്ങൾ കാലികമാക്കിയിട്ടില്ല

ആസ്തി വിവരങ്ങൾ കാലികമാക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11- Fixed Assets, B-11(a) - Accumulated Depreciation , B-11(e)- Capital Expenses (Infrastructure Sector) എന്നിവ പ്രകാരമുള്ള മൂല്യത്തിന്റെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല.

1-1-4 പ്രതിമാസ പൊരുത്തപ്പെടൽ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

2024-25 ലെ വാർഷിക ധനകാര്യ പത്രിക, ബാങ്ക്/ട്രഷറി ട്രാൻസാക്ഷൻ സ്റ്റേറ്റ്മെന്റുകൾ, പ്രതിമാസ പൊരുത്തപ്പെടൽ പത്രികകൾ എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ബാങ്കിന്റെ പേര്	അക്കൗണ്ട് നം	31.03.2025 ലെ നീക്കിയിരിപ്പ് ബാങ്ക് ബുക്ക് പ്രകാരം	31.03.2025 ലെ നീക്കിയിരിപ്പ് പാസ് ബുക്ക് പ്രകാരം	വ്യത്യാസം
1.	എൽ ജി ടി എസ് ബി ഓൺ ഫണ്ട്	799013000000857	-51837	0	ആഡ് ഡയറക്ടലി ക്രഡിറ്റഡ് ബാങ്ക് 51837 രൂപ
2.	സ്റ്റേറ്റ് ബാങ്ക്	67383074069	2490762	2382778	ലെസ്സ്

	ഓഫ് ഇന്ത്യ ഓൺ ഫണ്ട്				ചെക്ക് ഡെപ്പോസിറ്റഡ് ബട്ട് നോട്ട് ക്ലിയർ 107984.00 രൂപ
3.	യൂണിയൻ ബാങ്ക് ഹെൽത്ത് ഗ്രാന്റ് പി എച്ച് സി	339402010019637	613004	514124	ലെസ്സ് ഡയറക്ടലി ഡെബിറ്റഡ് ബാങ്ക് 98880 രൂപ
4.	യൂണിയൻ ബാങ്ക് ഇന്ത്യ	339402010019635	412854	260303	ലെസ്സ് ഡയറക്ടലി ഡെബിറ്റഡ് ബാങ്ക് 152551 രൂപ

വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 12.08.2025 ന് മറുപടിയായി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമെന്ന് അറിയിച്ചു.

1-2 ബജറ്റ്

പഞ്ചായത്ത് ഭരണ സമിതിയുടെ 04.03.2024 തീയതിയിലെ യോഗ തീരുമാനം നം. 1 പ്രകാരവും 2024-25 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ധനകാര്യ സ്ഥിരം സമിതിയുടെ 10.03.25 ലെ തീരുമാനം നമ്പർ 1 പ്രകാരവും,പഞ്ചായത്ത് ഭരണ സമിതിയുടെ 10.03.25 തീയതിയിലെ യോഗ തീരുമാനം നം.2 പ്രകാരവും ബജറ്റ് താഴെ പറയും പ്രകാരം ഭേദഗതി ചെയ്തിട്ടുണ്ട്.

പ്രാരംഭ ബാക്കി	6059949
തൻവർഷം വരവ്	222479012
ആകെ	228538961
ചെലവ്	226390012
നീക്കിയിരിപ്പ്	2148949

1-3 സാമ്പത്തിക വിശകലനം

(Receipt & Payment Schedule പ്രകാരം)

മുന്നിരിപ്പ്	22288421
വരവ്	55597195
ആകെ	77885616
ചെലവ്	58102483
നീക്കിയിരിപ്പ്	19783133

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	മുൻബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സ്

					ആയ തുക
വികസന ഫണ്ട് -ജനറൽ	0	20053005	20053005	19458235	594770 (ലാപ്സ്)
വികസനഫണ്ട് - എസ്.സി.പി	0	18435000	18435000	16820337	1614663 (ലാപ്സ്)
മെയ്ന്റനൻസ് ഗ്രാന്റ് റോഡ്	0	20967000	20967000	19636800	1330200 (ലാപ്സ്)
മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ്	0	3545000	3545000	3117522	427478 (ലാപ്സ്)
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-ബാങ്ക്	1743027	8013000	9756027	2260182	7495845
സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺടൈഡ് - ഗ്രാന്റ്- ബാങ്ക്	1105054	3572113	4677167	3460816	1216351

കേന്ദ്രാവിഷ്കൃതം

ICDS കേന്ദ്രവിഹിതം	306060	2175130	2481190	690286	1790904
ശുചിത്വ മിഷൻ	419214	0	419214	0	419214

സംസ്ഥാനാവിഷ്കൃതം

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ലൈഫ് മിഷൻ (Rural Housing)	340000	0	340000	140000	200000

പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
Total Sanitation	0	518	518	0	518
Health Grant(Diagnostic Infrastructure To PHCs)	808966	416937	1225903	813049	412854
Health Grant(towards Buildingless PHCs And Subcentres&CHCs	5597230	164535	5761765	1181130	4580635
Health Grant(towards Conversion Of PHCs And Subcentres Into Health & Wellness	406169	640391	1046560	433556	613004

Centres					

ഗ്രാന്റ് വിനിയോഗ പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, വാർഷിക കണക്ക് എന്നിവയെ അടിസ്ഥാനപ്പെടുത്തിയാണ് ഗ്രാന്റ് വിനിയോഗം പരിശോധിച്ചിട്ടുള്ളത്.

CFC വാർഷിക കണക്ക് പ്രകാരമുള്ള ആകെ ചെലവ് സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ്, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിൽ നിന്ന് താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

	അൺടൈഡ് ഗ്രാന്റ്	ടൈഡ് ഗ്രാന്റ്	ആകെ
വാർഷിക കണക്ക് പ്രകാരം	3460816	2260182	5720998
സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ്, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം	3674752	1712480	5387273
വ്യത്യാസം	213936	547702	761638

കുറിപ്പ് –1) 217280/- രൂപ അൺടൈഡ് ഗ്രാന്റിൽ ഉള്ള ചെലവ് ടൈഡിലേക്കും ടൈഡിലുള്ള 417400/-രൂപ ചെലവ് അൺടൈഡ് ഗ്രാന്റിലേക്കും മാറി Expenditure Journal ILGMS ൽ രേഖപ്പെടുത്തി.

2) കൂടാതെ 24-25 വർഷത്തിൽഅടക്കാനുള്ള റിക്കവറി തുക (3956+8472+1490=13918) തൻവർഷം അടവാക്കാത്തതു മൂലമുള്ള വ്യത്യാസം സി.എഫ്.സി ചെലവിൽ പ്രതിഫലിക്കുന്നു. (417400-217380+13918)

3) സിഎഫ് സി ബേസിക് ചെലവ് 417400/-തെറ്റായി ജേർണൽ ചെയ്തത് മൂലവും ടൈഡ് ഫണ്ടിൽ കുറയേണ്ടതായിട്ടുണ്ട്.കൂടാതെ 217380/- ബേസിക് ചെലവ് ടൈഡ് ഫണ്ടിലേക്കും വന്നിട്ടുണ്ട്.ആയതിനാൽ യഥാർത്ഥത്തിൽ AFS പ്രകാരം ചെലവ് 2060162/-ആണ്.

ആയതിനാൽ നിലവിൽ സുലേഖയുമായുള്ള വ്യത്യാസം 347682/- ,കൂടാതെ 176766/-രൂപ ട്രഷറി ചെലവും വന്നിട്ടുണ്ട്.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം
247	239938722	170	83927133	77	68.82

അംഗീകാരം ലഭ്യമായ 247 പ്രൊജക്ടുകളിൽ 170 എണ്ണത്തിനാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 34.98 മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾക്ക് വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥർ	പദ്ധതികളുടെ എണ്ണം	നടപ്പാക്കിയത്	ആകെ അടങ്കൽ തുക	ചെലവഴിച്ച തുക	ചെലവ് ശതമാനം
കൃഷി ഓഫീസർ	7	6	14149270	12736451	90
വെറ്ററിനറി സർജ്ജൻ	6	5	105000	700000	66.67

മെഡിക്കൽ ഓഫീസർ-CHC	13	12	4357625	3063750	70.30
മെഡിക്കൽ ഓഫീസർ-ആയുർവ്വേദം	2	2	1323200	1318760	99.66
മെഡിക്കൽ ഓഫീസർ-ഹോമിയോ	2	2	330000	330000	100
വി.ഇ.ഒ	19	16	122101150	8804329	7.21
ഐ.സി.ഡി.എസ് സൂപ്പർവൈസർ	13	10	9250073	4740660	51.24
സെക്രട്ടറി	66	35	31066376	15123558	48.7
അസി.സെക്രട്ടറി	11	8	5709017	4769941	83.5
അസിസ്റ്റന്റ് എഞ്ചിനീയർ	102	68	48377011	30874320	63.82
ഡയറി ഫാം ഇൻസ്ട്രക്ടർ	4	4	900000	900000	100
ഹെഡ് മാസ്റ്റർ	2	2	1325000	565364	42.6
ആകെ	247	170	239938722	83927133	34.98

1-6 തൊഴിലുറപ്പു പദ്ധതി

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
അഡ്മിനിസ്ട്രേറ്റീവ് ചെലവ്	13520	1459791	1473311.6	1472418	893.6
തൊഴിലാളികളുടെ വേതനം	0	40837285	40837285	40837285	0
ആകെ	13520	42297076	42310596.6	42309703	893.6

1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം.	ക്ഷേമ പദ്ധതി	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
1	കർഷക തൊഴിലാളി പെൻഷൻ	9239000	560
2	വിധവാ പെൻഷൻ	21239600	1400
3	വാർദ്ധക്യകാല പെൻഷൻ	30544100	2228
4	വികലാംഗ പെൻഷൻ	4643900	301
5	50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ	1134200	68

	വനിതകൾക്കുള്ള പെൻഷൻ		

1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.08.2025 തീയതി 2.34 Pm ന് സ്ഥാപനത്തിലെ ഹെഡ് ക്ളാർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4791 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം തൃപ്തികരമായ രീതിയിൽ നടത്തിയിട്ടുണ്ട്.

സദ്ഭരണത്തിന്റെ ഭാഗമായി ഇ-ഗവേണൻസ്, സ്ഥാപനത്തിലും, ഘടകസ്ഥാപനങ്ങളിലും കമ്പ്യൂട്ടർവൽക്കരണം എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. സ്ഥാപനത്തിന്റെ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ 21.08.26 വരെ പ്രാബല്യത്തിലുണ്ട്.

രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ്

പൗരാവകാശ രേഖ 2023ലാണ് അവസാനമായി പുതുക്കിയിട്ടുള്ളത്. അക്കൗണ്ടിങ്ങ് റൂൾസ് പ്രകാരമുള്ള എല്ലാ രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്. തൻവർഷം അക്കൗണ്ടിംഗ്, തനത് ഫണ്ട് രേഖകൾ എന്നിവ ILGMS സംവിധാനത്തിലൂടെയാണ് കൈകാര്യം ചെയ്തിട്ടുള്ളത്.

14-ാം പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ വർക്കിങ്ങ് ഗ്രൂപ്പ് മേഖലകളുടെ അവസ്ഥാ രേഖ സ്ഥാപനം തയ്യാറാക്കിയിട്ടുണ്ട്. 2024-25 വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി വർക്കിങ്ങ് ഗ്രൂപ്പുകൾ കൂടിയിട്ടുണ്ട്.

സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതിയോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ മിനിട്ട്സ് പൂർത്തീകരിക്കുന്നതിൽ 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26 പ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല എന്ന് കണ്ടു. ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നുദിവസത്തിനകം സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ സാമ്പത്തിക വർഷം മിനിട്ട്സ് തയ്യാറാക്കിയതിൽ 15 ദിവസം മുതൽ 1 മാസം വരെ കാലതാമസം ഉണ്ടായിട്ടുണ്ട്. മിനിട്ട്സ് തയ്യാറാക്കുന്നതിലെ കാലതാമസം ഒഴിവാക്കേണ്ടതാണ്.

പർച്ചേസുമായി ബന്ധപ്പെട്ട് വാർഷിക സമാഹരണ പദ്ധതി തയ്യാറാക്കിയിട്ടില്ല. നിക്ഷേപ പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികളുമായി കരാറിലേർപ്പെട്ടിട്ടില്ല.

ആസ്തി പരിപാലനം

ആസ്തികളുടെ അപ്ഡേഷന്റെ ഭാഗമായി സർക്കാർ തലത്തിൽ നിന്നുള്ള നിർദ്ദേശമനുസരിച്ച് നിലവിൽ R-Track Mobile Application വഴി പഞ്ചായത്തിലെ മുഴുവൻ ആസ്തികളും മാപ്പ് ചെയ്യുന്നതിനുള്ള പദ്ധതി പ്രകാരം എല്ലാ വാർഡുകളിലുമുള്ള റോഡുകളുടെ ട്രാക്കിങ്ങ് പൂർത്തീകരിച്ചിട്ടുണ്ട്. റോഡ് കണക്ടിവിറ്റി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വെരിഫിക്കേഷൻ നടപടികൾ നടന്നുവരുന്നു.സ.ഉ (ആർ.ടി) നം .166/17/ത.സ്വ.ഭ.വ തീയതി 20.01.2017 പ്രകാരം അംഗീകരിച്ച അസറ്റ് മാനേജ്മെന്റ് മാന്വലിലെ നിർദ്ദേശമനുസരിച്ച് ഗ്രാമപഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് & മോണിട്ടറിങ്ങ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

പൊതുടാപ്പുകളുടെ വെള്ളക്കര കുടിശ്ശിക സംയുക്ത പരിശോധന, ആംനസ്റ്റി പ്രകാരമുള്ള തിരിച്ചടവ് എന്നിവയുടെ അടിസ്ഥാനത്തിൽ പുതുക്കിയ ഡിമാന്റ് അനുസരിച്ച് തീർപ്പാക്കേണ്ടതാണ്.

വസ്തു നികുതി , വാടക കുടിശ്ശിക പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

അക്കൗണ്ടന്റ് ജനറലിന്റെ 1997-98 മുതൽ 1999-2000 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടിലെ എല്ലാ പരാമർശങ്ങളും തീർപ്പാക്കിയിട്ടുള്ളതാണ്.
പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ ഓഡിറ്റ് ഡിസംബർ 2022 വരെ 19.1.2023 തിയതിയിൽ പൂർത്തിയാക്കിയിട്ടുണ്ട്.

1-11 തൊഴിൽനികുതി ഈടാക്കിയതിലുള്ള അപാകങ്ങൾ

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1), (2) പ്രകാരം ഒരു പഞ്ചായത്ത് പരിധിയിൽ ഒരു വ്യക്തി ഓരോ അർദ്ധവർഷവും ആകെ 60 ദിവസത്തിൽ കുറയാതെ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയാളുടെ മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. അപ്രകാരം, കുഴൽമന്ദം ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതിയുടെ റിട്ടേണുകൾ, ഡിമാന്റ് രജിസ്റ്റർ എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽനികുതി ഈടാക്കിയതിൽ കുറവ്

27.06.2024ലെ സ.ഉ.(സാധാ) നം.1149/2024/LSGD ഉത്തരവ് പ്രകാരം ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തതനുസരിച്ച് തൊഴിൽനികുതി സ്ലാബുകൾ പരിഷ്ക്കരിച്ചിട്ടുണ്ട്. പരിഷ്ക്കരിച്ച നിരക്കുകൾക്ക് 2024 രണ്ടാം അർദ്ധവർഷം ആരംഭിക്കുന്ന ഒക്ടോബർ 1 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

A) എന്നാൽ ചുവടെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് രണ്ടാം അർദ്ധവർഷത്തെ തൊഴിൽനികുതി ഈടാക്കിയതിൽ, സ്ഥാപന ഉടമ സമർപ്പിച്ചിട്ടുള്ള റിട്ടേൺ പ്രകാരമുള്ള അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായി തൊഴിൽനികുതി ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമനം	ജീവനക്കാരുടെ പേര്, തസ്തിക	അർദ്ധ വാർഷിക വരുമാനം (രൂപ)	ഈടാക്കിയ തൊഴിൽനികുതി	ഈടാക്കേണ്ട തൊഴിൽനികുതി	കുറവ്	രസീതി നം & തീയതി
1	സ്ഥാപനത്തിന്റെ പേര് **പള്ളിക്കൽ അഗ്രോ ഓയിൽ എക്സ്ട്രാക്ടറ്റ്**					
	ലത, ഹെൽപ്പർ	56700	450	750	300	1240305829 Dtd 12.02.25
	സുനീറ, ഹെൽപ്പർ	56700	450	750	300	
	പുഷ്പ , ഹെൽപ്പർ	56700	450	750	300	

	സുഭാഷിനി , ഹെൽപ്പർ	56700	450	750	300	
	പ്രമീള, ഹെൽപ്പർ	56700	450	750	300	
2	**ജി ഡബ്ലിയു എൽ പി സ്കൂൾ**					
	രാധാമണി പി ടി എസ്	112198	750	1000	250	1240308904 Dtd 15,02.25
ആകെ			**3000**	**4750**	1750	

മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള വിധം തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്ന 1750/- രൂപ ഈടാക്കി ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണ്. അല്ലാത്ത പക്ഷം സെക്രട്ടറിയുടെ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്.

B) തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്നു കാണുന്നു.

ക്രമനം	സ്ഥാപനം	നികുതി ഈടാക്കാനുള്ള അർദ്ധ വർഷം
1.	പോസ്റ്റ് ഓഫീസ് നൊച്ചുള്ളി	2
2.	പോസ്റ്റ് ഓഫീസ് അഗ്രഹാരം	2
3.	പോസ്റ്റ് ഓഫീസ് ചിതലി	1 & 2
4.	പോസ്റ്റ് ഓഫീസ് കളപ്പെട്ടി	1
5.	പോസ്റ്റ് ഓഫീസ് കണ്ണനൂർ	2
6.	പോസ്റ്റ് ഓഫീസ് പെരുന്നം	1
7.	പോസ്റ്റ് ഓഫീസ് ഒലീവ് മൗണ്ട്	1 & 2
8.	ബിഎസ്എൻഎൽ കുഴൽമന്ദം	2
9.	നാസ് ലോഡ്ജ്	2
10.	ബാങ്ക് ഓഫ് ബറോഡ	1 & 2
11.	പവർ ഇൻറ്റർലോക്സ്	1 & 2
12.	എം ഇ എം ഇംഗ്ലീഷ് മീഡിയം സ്കൂൾ	1 & 2
13.	ന്യൂ സ്റ്റീൽ ലാൻഡ്	1 & 2
14.	ക്രൗൺ പാലസ് ഓഡിറ്റോറിയം	1

15.	ഹോട്ടൽ സംഗമം	1 & 2
16.	കളപ്പെട്ടി കഷീര സംഘം	1 & 2
17.	ഫോറസ്റ്റ് റേഞ്ച് ഓഫീസ് അണക്കപ്പാറ	1 & 2
18.	മധുരിമ കല്യാണമണ്ഡപം	1 & 2
19.	കള്ള് ഷാപ്പ് നമ്പർ 14	1 & 2
20.	കള്ള് ഷാപ്പ് നമ്പർ 15	1 & 2
21.	കള്ള് ഷാപ്പ് നമ്പർ 16	1 & 2
22.	കള്ള് ഷാപ്പ് നമ്പർ 17	1
23.	കള്ള് ഷാപ്പ് നമ്പർ 56	1
24.	നിയോ മോടേർസ് കുളഴൻമുക്ക്	1
25.	ഭൂമിക മോടേർസ്	1
26.	അഭിനവ് ബിൽഡേഴസ്	1
27.	എൻ വീ പീ മെഡിക്കൽസ് കുളഴൻമുക്ക്	1
28.	സ്പോർടസ് വേൾഡ്	1
29.	കീർത്തി ഡിസൈൻ പെരുകുന്നം	1
30.	കാർത്തിക എന്റർപ്രൈസ്	1

മേൽ പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാതിരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (21/19.08.2025) ലഭ്യമാക്കിയ മറുപടിയിൽ ഏതാനും സ്ഥാപനങ്ങളുടെ വിവരം സൂചിപ്പിച്ചുവെങ്കിലും ആയത് ഏത് വർഷത്തെ/ ഏത് അർദ്ധവർഷത്തേതാണെന്നതിന്റെ വിവരം K-Smart പരിശോധിച്ചപ്പോൾ വ്യക്തമായില്ല. ആയതിനാൽ ടി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അർഹമായവയിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഉൾപ്പെടെ ഈടാക്കി വിവരം ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണ്.

1-12-1 വാടക കെട്ടിടത്തിലെ ഒഴിഞ്ഞ് കിടക്കുന്ന മുറികൾ ലേലം ചെയ്തിട്ടില്ല.

ഷോപ്പിംഗ് കോംപ്ലക്സിലെ **8** വാടക മുറികൾ 2024 ഏപ്രിൽ മാസം മുതൽ ഒഴിഞ്ഞു കിടക്കുന്നതായി കാണുന്നു **(റൂം നം:4/398, 4/401, 4/957, 4/958, 4/959, 4/960, 4/961, 4/962)**. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (9/13.08.2025) ഉപയോഗ യോഗ്യമല്ലാത്തവിധം ആയതിനാലാണ് ലേലം ചെയ്യാതിരുന്നത് എന്ന് മറുപടി നൽകി. പഞ്ചായത്തിന്റെ വരുമാനമാർഗമായ ഷോപ്പിഗ് കോംപ്ലകസ് ഉപയോഗ യോഗ്യമല്ലാത്തവിധം കിടക്കുന്നത് ഉചിതമല്ല ആയതിനാൽ ഷോപ്പിഗ് കോംപ്ലക്സിൽ ആവശ്യമായ നവീകരണം നടത്തി ഉപയോഗ യോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം എന്ന് ഓഡിറ്റ് നിർദേശിക്കുന്നു.

1-12-2 വാടക കുടിശ്ശിക പിരിച്ചെടുക്കുത്തിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

വാർഷിക ധനകാര്യ പത്രിക പ്രകാരം കട മുറി വാടകയിനത്തിൽ **513541 രൂപ** കുടിശ്ശികയായി നിലനിൽക്കുന്നു ആയത് ഏതൊക്കെ മുറികളുടെയാണ്, എത്ര മാസം കുടിശ്ശിക ഓരോ വാടക മുറിക്ക് ഉണ്ട് എന്നതിന്റെ വ്യക്തമായ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (09/13-08-25) കുടിശ്ശിക വിവരം ലഭ്യമാക്കിയിട്ടുണ്ടെന്ന് മറുപടിയിൽ അറിയിച്ചെങ്കിലും വിവരം കൃത്യമായി ലഭിച്ചിട്ടില്ല. കുടിശ്ശിക തുക മുഴുവൻ ഈടാക്കി നഷ്ടം നികത്തേണ്ടതാണ് ആയത് രേഖകൾ സഹിതം ഓഡിറ്റിന് അറിയിക്കേണ്ടതാണ്.

1-12-3 വാടക ബൈലോ തയാറാക്കേണ്ടതാണ്

പഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള കടമുറികൾ വാടകക്ക് നൽകിയിട്ടുണ്ടെങ്കിലും 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256 വകുപ്പ്, 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടി ക്രമം) ചട്ടങ്ങൾ ചട്ടം 3 (5,6,7) എന്നിവ പ്രകാരം ബൈലോ തയ്യാറാക്കിതായി കാണുന്നില്ല. അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക ഈടാക്കുന്ന രീതി, കൃത്യത, അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവയുടെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. സർക്കാർ അംഗീകൃത വാടക ബൈലോ തയ്യാറാക്കി അറിയിക്കേണ്ടതാണ്.

1-12 വാടക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ കീഴിൽ വരുന്ന വാടക കെട്ടിടങ്ങളിൽ നിന്ന് കുടിശ്ശിക ഇനത്തിൽ ലഭിക്കാനുള്ള തുകയുടെ വിവരം ചുവടെ നൽകുന്നു.

ക്രമ നം	ലേലം കൊണ്ട വ്യക്തിയുടെ പേരും റൂം നമ്പരും	കുടിശ്ശിക
1.	റൂം നമ്പർ 4/10 ഹരി ശങ്കര മാരാർ	12 മാസത്തെ കുടിശ്ശിക (04/24 മുതൽ 03/25 വരെ) 6958*12=83496 + (GST)
2.	റൂം നമ്പർ 4/408 പ്രമോദ് കുത്തനൂർ	12 മാസത്തെ കുടിശ്ശിക (04/24 മുതൽ 03/25 വരെ) 1771*12=21252 + (GST)
3.	റൂം നമ്പർ 4/394 അപ്പുച്ചാമി തേങ്കുറുശ്ശി	1 മാസത്തെ (02/2025 972*1=972 + (GST)
4.	റൂം നമ്പർ 4/482 അരവിന്ദാക്ഷൻ കുഴൽമന്ദം	12 മാസത്തെ കുടിശ്ശിക (04/24 മുതൽ 03/25 വരെ) 1286*12=15432 + (GST)
5.	റൂം നമ്പർ 4/404	12 മാസത്തെ

	ജമാൽ കാവശ്ശേരി	കുടിശ്ശിക (04/24 മുതൽ 03/25 വരെ) 1286*12= 15432 + (GST)
6.	റൂം നമ്പർ 4/410 ഹരി പല്ലഞ്ചാത്തനൂർ	12 മാസത്തെ കുടിശ്ശിക (04/24 മുതൽ 03/25 വരെ) 1286*12=15432 + (GST)
7.	റൂം നമ്പർ 4/411 പ്രമോദ് കുത്തനൂർ	12 മാസത്തെ കുടിശ്ശിക (04/24 മുതൽ 03/25 വരെ) 3161*12=37932 + (GST)
8.	റൂം നമ്പർ 4/417 സന്തോഷ് കുമാർ	12 മാസത്തെ കുടിശ്ശിക (04/24 മുതൽ 03/25 വരെ) 1286*12= 15432 + (GST)
9.	റൂം നമ്പർ 4/418 ശിവകുമാർ കുനിശ്ശേരി	12 മാസത്തെ കുടിശ്ശിക (04/24 മുതൽ 03/25 വരെ) 1350*12= 16200 + (GST)
10.	റൂം നമ്പർ 4/419 പി കെ വിജയകുമാർ	12 മാസത്തെ കുടിശ്ശിക (ഏപ്രിൽ മുതൽ മാർച്ച് വരെ) 1286*12= 15432 + (GST)
11.	റൂം നമ്പർ 4/420 നിജാം അലി കുഴൽമന്ദം	12 മാസത്തെ കുടിശ്ശിക (04/24 മുതൽ 03/25 വരെ) 1286*12= 15432 + (GST)
12.	റൂം നമ്പർ 4/423 കൃഷ്ണദാസ് കുത്തനൂർ	5 മാസത്തെ കുടിശ്ശിക (10/24 മുതൽ 03/25 വരെ) 1286*5= 6430 + (GST)
13.	റൂം നമ്പർ 4/407 സജിത കണ്ണനൂർ	5 മാസത്തെ കുടിശ്ശിക (11/24 മുതൽ 03/25 വരെ) 1286*5= 6430 + (GST)

	ആകെ	**265304**

മേൽ കുടിശ്ശിക തുക ഈടാക്കുന്നതിൽ ഭരണസമിതിയും സെക്രട്ടറിയും കാര്യക്ഷമമായ ഇടപെടലുകൾ നടത്തേണ്ടതാണ്. നാൾ ഇതുവരെ കുടിശ്ശിക തുക പിരിച്ചെടുത്തിട്ടില്ല. കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടി വേഗത്തിലാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശം

കുടിശ്ശിക തുക പലിശ സഹിതം ഈടാക്കി രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്

1-13 കെ സ്മാർട്ട് വഴിയുള്ള ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ-

ബാങ്ക് റീകൺസിലിയേഷൻ പത്രികകൾ കെ സ്മാർട്ട് ലൂടെ സമർപ്പിച്ചിട്ടില്ല.

2025 ഏപ്രിൽ മുതലുള്ള റീകൺസിലിയേഷൻ മൊഡ്യൂൾ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ബാങ്ക് ബുക്കും പാസ് ബുക്കും തമ്മിൽ ക്രമീകരിക്കാതെ അവശേഷിക്കുന്ന തുകയുടെ ആധികാരികത പരിശോധിക്കാൻ സാധിക്കുന്നില്ല

കെ സ്മാർട്ടിൽ റീകൺസിലിയേഷൻ നടത്തുന്നതിനുള്ള പ്രിവിലേജ് നൽകുന്നതിനുള്ള നടപടി നടപ്പാക്കാൻ ബന്ധപ്പെട്ട അധികാരികളോട് ആവശ്യപ്പെടേണ്ടതാണ്.

1-14 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ ഹോമിയോ ഡിസ്പെൻസറി നിർവ്വഹണം നടത്തിയ മരുന്നു വാങ്ങൽ പദ്ധതിയ്ക്കായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

പ്രോജക്ട് നമ്പർ / പേര്	92/2025 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ (ഹോമിയോ)
അടങ്കൽ	300000/-മെയിന്റനൻസ് ഫണ്ട് (റോഡിതരം)
ചെലവ്	300000/-
ബിൽ നം തിയ്യതി	3/25, തിയതി:25/01/2025 300000/-രൂപ.

3,00,000/-രൂപ. രൂപ Kerala State Homoeopathic Co-Operative Pharmacy Ltd, Alappuzha യുടെ 34306403911 നമ്പർ അക്കൗണ്ടിലേക്ക് മുൻകൂർ നൽകിയിട്ടുണ്ട്. ലഭ്യമായ മരുന്നിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഇൻവോയിസ് നമ്പർ	ലഭിച്ച മരുന്നിന്റെ വില (രൂപ)
LF-390 /22.03.2025	158234/-
	Total: 158234 രൂപ

141766/- രൂപയുടെ മരുന്നുകൾ ഇനി ലഭിക്കാനുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (5/12.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

141766/- രൂപയുടെ മരുന്നുകൾ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് രേഖകൾ സഹിതം (ഇൻവോയ്സുകളുടെ പകർപ്പും, സ്റ്റോക്കിൽ ഉൾപ്പെടുത്തിയതിന്റെ വിവരം) അറിയിക്കേണ്ടതാണ്.

1-15 കറവയുള്ള പശു വളർത്തൽ പദ്ധതി- പദ്ധതി പൂർത്തിയായില്ല

നിർവഹണം	സീനിയർ വെറ്ററിനറി സർജൻ
പദ്ധതിയുടെ പേര	102/25 കറവയുള്ള പശു വളർത്തൽ 2024-25
അടങ്കൽ	തനത് ഫണ്ട് - ₹300000 ഗുണഭോക്തൃ വിഹിതം- ₹300000 ആകെ- ₹600000
ചെലവ്	തനത് ഫണ്ട് - ₹150000 ഗുണഭോക്തൃ വിഹിതം- ₹200000 ആകെ- ₹350000

12 ക്ഷീര കർഷകർക്ക് ₹50000 വിലവരുന്ന പശുക്കളെ 50% സബ്സിഡിയിൽ പർചേസിംഗ് കമ്മിറ്റി മുഖേന വാങ്ങി നൽകാനാണ് മേൽ പദ്ധതി പ്രകാരം ലക്ഷ്യമിട്ടത്. 50% ഗുണഭോക്തൃ വിഹിതം (₹25000) ഗുണഭോക്താവ് പഞ്ചായത്തിൽ അടവാക്കുകയും സബ്സിഡി ഉൾപ്പെടെയുള്ള തുക (₹50000) പശുക്കളെ വിൽക്കുന്നയാളുകളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് കൈമാറുകയും ചെയ്യുന്ന രീതിയിലാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

2024-25 വർഷം 8 ഗുണഭോക്താക്കൾക്ക് പശുക്കളെ വാങ്ങുന്നതിനായാണ് തുക അനുവദിച്ചിട്ടുള്ളത്. ഇതിൽ 6 ഗുണഭോക്താക്കൾക്ക് പശുക്കളെ വിറ്റയാളുകളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് പഞ്ചായത്ത് വിഹിതം 25000 രൂപയും ഗുണഭോക്തൃവിഹിതം 25000 രൂപയുമുൾപ്പെടെയുള്ള തുക കൈമാറിയിട്ടുണ്ട്. എന്നാൽ ചുവടെ ചേർക്കുന്ന പ്രകാരം 2 ഗുണഭോക്താക്കൾക്ക് പശുക്കളെ വിറ്റയാളുകളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് ഗുണഭോക്തൃവിഹിതം മാത്രമാണ് അനുവദിച്ചിട്ടുള്ളത്.

ക്രമനം	ബിൽ/ വൗച്ചർ നം.	അനുവദിച്ച തുക	കൈമാറിയ ആളുകളുടെ പേര്	തുക കൈമാറിയ അക്കൗണ്ട് നം
1	42401038/ 25.03.2025	25000	പ്രണുവ് എസ്.	38981786800/ SBIN0070518
2	42401037/ 28.03.2025	25000	രേഖ ആർ.	67022225536/ SBIN0070183

മേൽ പട്ടിക പ്രകാരം ഗുണഭോക്താക്കളായവരുടെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. അംഗീകൃത ഗുണഭോക്തൃലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ലഭ്യമല്ലാത്തതിനാൽതന്നെ പശുക്കളെ ലഭ്യമായിട്ടുണ്ടോയെന്ന് ഉറപ്പാക്കാനായിട്ടില്ല.

ഗുണഭോക്താക്കളുടെ വിശദാംശങ്ങളും പശുക്കളെ വിറ്റയാളുകളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് സബ്സിഡി തുക അനുവദിക്കാതെ ഗുണഭോക്തൃവിഹിതം മാത്രമായി അനുവദിച്ചതിന് വിശദീകരണവും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 11/14.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

2025-26 വർഷം സ്പിൽ ഓവർ ആയി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ തുക ചെലവഴിച്ചിട്ടില്ല.

വിശദീകരണം ലഭ്യമാക്കേണ്ടതും തുടർനടപടികൾ അറിയിക്കേണ്ടതുമാണ്.

1-16 ഭവന പുനരുദ്ധാരണം- പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്

നിർവഹണം	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1
പദ്ധതിയുടെ പേര്	SO 71/25 ഹൗസ് റിപ്പയർ ജനറൽ 2024-25
അടങ്കൽ	പൊതു. സാധാ.- ₹1393538 തനത് ഫണ്ട് -₹496462 ആകെ- ₹1890000
ചെലവ്	പൊതു. സാധാ- ₹810000 തനത് ഫണ്ട്-₹0 ആകെ- ₹810000
വൗച്ചർ നം./ തീയതി	**42401281/15.03.2025- 390000** **42401311/21.03.2025- 105000** **42401317/22.03.2025- 210000** **42401332/24.03.2025-90000** **42401337/25.03.2025-15000**

മേൽ പദ്ധതിയിൽ വീട് റിപ്പയറിനായി ₹15000 മുൻകൂറായും പണി പൂർത്തീകരിച്ച് വാല്യുവേഷന്റെ അടിസ്ഥാനത്തിൻ ₹15000 ഉൾപ്പെടെ ആകെ ₹30000 ഗുണഭോക്താക്കൾക്ക് നൽകുവാനാണ് ലക്ഷ്യമിട്ടത്. ₹15000 മുൻകൂർ കൈപ്പറ്റിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചതായി കാണുന്നില്ല.

ക്രമ നം.	പേരും വിലാസവും	വാർഡ്/ കെട്ടിട നം.	തുക കൈപ്പറ്റിയ തീയതി
1	ദേവകി രാമകൃഷ്ണൻ, പോത്തൻകോട്, കളപ്പെട്ടി	8/139	18.03.2025
2	രജനി പ്രമോദ്, കളപ്പെട്ടി, കുഴൽമന്ദം	9/83	22.03.2025
3	തങ്ക, പത്തായം ഹൗസ്, കളപ്പെട്ടി	10/37	25.03.2025
4	ഗീത, ചരപ്പറമ്പ്, ചിതലി	15/561	18.03.2025
5	ദേവകി ചന്ദ്രൻ, വയ്യാംകുളമ്പ്, ചിതലി	4/189	18.03.2025
6	അസ്മാബി സിദ്ധിഖ് വലിയകത്ത് വീട്, ചന്തപ്പുര	4/189	25.03.2025

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 20/18.08.2025) ചുവടെ ചേർക്കുന്ന പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1. ക്രമ നം. 1 : പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. അവസാന ഗഡു ഉടനെ അനുവദിക്കുന്നതാണ്.

2. ക്രമ നം.2, 3, 4, 6: അടിയന്തിരമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്.

3. ക്രമ നം. 5: പ്രവൃത്തി ചെയ്യാൻ താൽപര്യമില്ലെന്ന് അറിയിച്ചിട്ടുണ്ട്. തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

ഓഡിറ്റ് നിർദ്ദേശം

ക്രമ നം. 5 ൽ നിന്നും തുക ഈടാക്കി അറിയിക്കേണ്ടതാണ്. മറ്റ് ഗുണഭോക്താക്കളുടെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനോ അല്ലാത്തപക്ഷം തുക തിരികെ ഈടാക്കുന്നതിനോ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-17 വാർഷിക പദ്ധതിയുടെ ഭാഗമാക്കാത്ത പ്രോജക്റ്റിന് തുക ചെലവഴിച്ചു

നിർവഹണം- വില്ലേജ് എക്റ്റൻഷൻ ഓഫീസർ സർക്കിൾ II

തനത്ഫണ്ടിൽ നിന്നും ₹200000 വകയിരുത്തി ഗാർഹികതലത്തിൽ മാലിന്യം വേർതിരിച്ച് സൂക്ഷിക്കുന്നതിന് ബാസ്കറ്റ് വിതരണം എന്ന പദ്ധതി (243/24) 2023-24 വർഷം ആവിഷ്കരിച്ചിരുന്നു. പദ്ധതിയുടെ ഭാഗമായി 50 ലിറ്റർ കപ്പാസിറ്റിയുള്ള 476 HDPE വേസ്റ്റ് ബിന്നുകൾ 19.03.2024 ലെ GDS0007 നമ്പർ ഇൻവോയ്സ് പ്രകാരം ഗ്രീൻ ഡോട്ട് സൊല്യൂഷൻസ്, മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും 399 രൂപ നിരക്കിൽ വാങ്ങൽ നടത്തുകയും 2024-25 വർഷം വൗച്ചർ നം. 42400219/06.07.2024 പ്രകാരം സ്ഥാപനത്തിന് 189924 രൂപ കൈമാറുകയും ചെയ്തിട്ടുണ്ട്.

ഹരിതകർമ്മ സേനയ്ക്ക് യൂസർ ഫീസ് നൽകുന്ന ഗുണഭോക്താക്കളിൽ ഓരോ വാർഡിലും 28 പേർക്ക് വീതമാണ് ബിൻ വിതരണം ചെയ്തിട്ടുള്ളത്.

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ (സ.ഉ.(കൈ)നം.84/2022/തസ്വഭവ, തീയതി 19.04.2022) ഖണ്ഡിക 11 പ്രകാരം വാർഷിക പദ്ധതിക്ക് മാർച്ച് 31 ന് മുമ്പ് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടുന്ന എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും സ്പിൽഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി വാർഷിക പദ്ധതി പുതുക്കേണ്ടതും പുതുക്കിയ വാർഷിക പദ്ധതിക്ക് മെയ് 15 നകം ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങേണ്ടതുമാണ്. ഭേദഗതിയില്ലാത്തവ തദ്ദേശഭരണ സ്ഥാപന തീരുമാനപ്രകാരം ഏപ്രിൽ 1 മുതൽ തുടർന്ന് നടപ്പാക്കാവുന്നതാണ്. ഇവയുടെ നിർവ്വഹണം തുടരുന്നതിന് വെറ്റിംഗ് ഓഫീസറുടെയോ ജില്ലാ ആസൂത്രണ സമിതിയുടേയോ അംഗീകാരം ആവശ്യമില്ല. എന്നാൽ ഇത്തരത്തിൽ നിർവ്വഹണം തുടരുന്ന എല്ലാ സ്പിൽ ഓവർ പ്രോജക്ടകളും നിശ്ചിത ഫോറത്തിൽ സുലേഖ സോഫ്റ്റ്വെയർ ഉപയോഗിച്ച് തയ്യാറാക്കി വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്.

189924 രൂപയുടെ ചെലവ് തൻവർഷമാണ് നടത്തിയിട്ടുള്ളതെങ്കിലും പ്രൊജക്റ്റ് സ്പിൽ ഓവറായി സുലേഖയിൽ അംഗീകരിക്കപ്പെട്ടിട്ടില്ല. ചെലവുപത്രികയിൽ ആയത് ഉൾപ്പെട്ടിട്ടില്ല. പ്രൊജക്റ്റ് ഇല്ലാതെ ചെലവ് നടത്തിയതിന് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 22/19.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. തൃപ്തികരമായ വിശദീകരണവും ആയത് സാധൂകരിക്കുന്ന രേഖകളും ലഭ്യമാക്കുന്നതുവരെ 189924 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-18 പദ്ധതി നിർവഹണത്തിലെ കുറവ്

2024-25 വർഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1, 2 എന്നിവർ നിർവഹണോദ്യോഗസ്ഥരായി 12,21,01,150 (12.21 കോടി) രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ചതിൽ 88,04,329 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഫണ്ടിനങ്ങൾ തിരിച്ചുള്ള ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫണ്ടിനം	അടങ്കൽ	ചെലവ്	ചെലവ് ശതമാനം
വികസനഫണ്ട്-പൊതുവിഭാഗം	79,47,231	31,00,000	39
വികസനഫണ്ട്-എസ്.സി.പി	53,50,745	40,70,000	76
ധനകാര്യ കമ്മീഷൻ അവാർഡ്	22,34,000	0	0
കേന്ദ്രാവിഷ്കൃത ഫണ്ട്	156000	0	0
സംസ്ഥാനാവിഷ്കൃത ഫണ്ട്	4,01,00,000	1,40,000	0.35
തനത് ഫണ്ട്	42,68,371	8,12,610	19

ബ്ലോക്ക് പഞ്ചായത്ത് വിഹിതം	84,23,603	4,50,890	5.35
ജില്ലാ പഞ്ചായത്ത് വിഹിതം	1,12,50,000	2,00,000	1.78
മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം	50000	30829	62
മറ്റുള്ളവ (ഹഡ്കോ ലോൺ)	4,23,21,200	0	0

പദ്ധതികൾ നടപ്പിലാക്കാത്തതിന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ 2 നൽകിയ മറുപടി (ഓഡിറ്റ് അന്വേഷണം: 23/19.08.2025) താഴെ പറയുന്നു.

1. EPIP ഗുണഭോക്താക്കളായി 18 പേർ മാത്രമാണ് ഉള്ളതെന്നിരിക്കെ 1.50 കോടി സംസ്ഥാനാവിഷ്കൃത ഫണ്ടിൽ നിന്നുൾപ്പെടെ ആകെ 1.79 കോടി രൂപ ഭവനനിർമ്മാണത്തിന് വകയിരുത്തി.
2. മാലിന്യ സംസ്കരണ മേഖലയിൽ വകയിരുത്തിയ 22,34,000 രൂപ ധനകാര്യ കമ്മീഷൻ അവാർഡ് ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാവാത്തതിനാൽ ചെലവഴിച്ചില്ല.
3. ആസൂത്രണം ചെയ്ത പ്രകാരം സംസ്ഥാനാവിഷ്കൃത ഫണ്ട്, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ ലഭ്യമായില്ല.
4. ഹഡ്കോ ന്യൂ അക്കൗണ്ട് സമയബന്ധിതമായി ആരംഭിച്ചില്ല.

ഓഡിറ്റ് നിർദ്ദേശം

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ (19.04.2022 ലെ സ.ഉ(കൈ) നം.84/2022/LSGD ഉത്തരവ്) ഖണ്ഡിക 12.3 പ്രകാരം ഗ്രാമസഭകൾ മുഖേന ഗുണഭോക്താക്കളെ കണ്ടെത്തിയും പ്രായോഗികത വിലയിരുത്തിയും പദ്ധതി ആസൂത്രണം ചെയ്യുന്നതിനും ആയത് നടപ്പിലാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. സംസ്ഥാനാവിഷ്കൃത ഫണ്ട്, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ, വായ്പ എന്നിവ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികളും സ്വീകരിക്കേണ്ടതാണ്.

1-19 ദുരിതാശ്വാസനിധി അക്കൗണ്ട് -തുക നീക്കിയിരുപ്പില്ല

സർക്കുലർ നമ്പർ എഫ്.എം1/19/2023/എൽ.എസ്.ജി.ഡി, തീയതി.09/06/2023 പ്രകാരം ദുരന്തബാധിത പ്രദേശങ്ങളിൽ എത്രയും വേഗം എത്തിച്ചേർന്ന് അടിയന്തര ധനസഹായം എത്തിക്കുന്നതിന് എളുപ്പത്തിൽ കഴിയുന്നത് പ്രാദേശിക സർക്കാരുകൾക്കാണ്. എന്നാൽ എല്ലായ്പ്പോഴും ദുരിതാശ്വാസനിധിയിൽ മതിയായ തുക ഉറപ്പാക്കാൻ കഴിയാത്തത് കാരണം ഇത്തരം അടിയന്തര സന്ദർഭങ്ങളിൽ മതിയായ ധനസഹായം നൽകുന്നതിന് ഭരണ സ്ഥാപനങ്ങൾക്ക് കഴിയാതെ വരുന്ന സാഹചര്യം നിലവിലുണ്ട്. പ്രസ്തുത സാഹചര്യം ഒഴിവാക്കുന്നതിലേക്കായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ ദുരിതാശ്വാസനിധിയിൽ എല്ലായ്പ്പോഴും ഒരു നിശ്ചിത തുക നിക്ഷേപം ഉണ്ടെന്ന് ഉറപ്പാക്കണമെന്നും വിനിയോഗിക്കുന്ന തുകയ്ക്ക് പകരം തുക ദുരിതാശ്വാസനിധിയിൽ കാലതാമസം കൂടാതെ നിക്ഷേപിക്കണമെന്നും ദുരിതാശ്വാസനിധി കാലാനുസൃതമായ വർദ്ധനവ് തദ്ദേശഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കണമെന്നും ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ രണ്ടാം റിപ്പോർട്ടിലെ ഖണ്ഡിക 4.18 പ്രകാരം ശുപാർശ ചെയ്തിട്ടുണ്ടെന്നും ആയതിനാൽ എല്ലാ ഗ്രാമപഞ്ചായത്തുകളും ഒരു ദുരിതാശ്വാസനിധി അക്കൗണ്ട് രൂപീകരിക്കേണ്ടതാണെന്ന് ഉത്തരവായിട്ടുള്ളതാണ്.

വാർഷിക കണക്ക് പ്രകാരം ദുരിതാശ്വാസനിധിയ്ക്കായി യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൌണ്ട് എടുത്തിട്ടുണ്ട്. (A/C No.339402010019554). എന്നാൽ അക്കൌണ്ടിൽ തുകയൊന്നും നിക്ഷേപിച്ചിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.27/20.08.2025) മറുപടി

നൽകിയിട്ടില്ല.

ദുരിതാശ്വാസ നിധി അക്കൗണ്ടിൽ മതിയായ തുക നിക്ഷേപിച്ച് അക്കൗണ്ടിന്റെ നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണ്.

1-20 ബാലസഭാ പ്രവർത്തനങ്ങൾക്ക് അധിക തുക നൽകി

പ്രോജക്ട്	70/25 (ബാലസഭാ)
നിർവഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് സെക്രട്ടറി
അടങ്കൽ	150000 (വികസന ഫണ്ട് - ജനറൽ)
ചെലവ്	150000
ബിൽ നം./തീയതി, തുക	3/11.07.2024, 150000

ബാലസഭ പ്രവർത്തനങ്ങൾക്കായി 150000 രൂപ കുടുംബശ്രീ സിഡി എസിന്റെ അക്കൗണ്ടിലേക്ക് (A/C No.40294100102618, IFSC-KLGB0040294) മേൽ പ്രോജക്ട് പ്രകാരം നൽകിയിട്ടുണ്ട്.

രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ) നം. 115/2022/തസ്വഭവ, തീയതി.28.05.22 ഖണ്ഡിക 7.7.10പ്രകാരം ബാലസഭ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് തദ്ദേശസ്ഥാപനങ്ങൾ പ്രോജക്ടുകൾ തയ്യാറാക്കേണ്ടതും ഗ്രാമപഞ്ചായത്തുകൾക്ക് ബാലസഭാ പ്രവർത്തനങ്ങൾക്കായി വാർഡ് ഒന്നിന് 1000 രൂപ പ്രകാരം നൽകാവുന്നതുമാണ്. സബ്സിഡി മാർഗ്ഗരേഖയനുസരിച്ച് കുഴൽമന്ദം ഗ്രാമപഞ്ചായത്തിലെ 17 വാർഡുകൾക്കുമായി ബാലസഭാ പ്രവർത്തനങ്ങൾക്ക് നൽകാവുന്ന തുക 17000 രൂപയാണ്. എന്നാൽ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി 133000 രൂപ അധികം അനുവദിച്ചിരിക്കുന്നു.

2) സി ഡി എസ് ഹാജരാക്കിയ ചെലവുരേഖകൾ പ്രകാരം 41160 രൂപ ബാലസഭ പ്രവർത്തനങ്ങൾക്ക് (പഠനയാത്രയ്ക്കായി 39960 + ബാലസംഗമം 1200) ചെലവഴിച്ചിട്ടുണ്ട്. ബാക്കിയുള്ള 108840 രൂപ ചെലവഴിക്കാതെ സിഡിഎസിന്റെ അക്കൌണ്ടിൽ അവശേഷിക്കുന്നുണ്ട്.

3) ബാലസഭ, ലൈബ്രറികളുടെ ബാലവേദി തുടങ്ങിയവയുടെ കമ്മിറ്റിയുണ്ടാക്കി അതിന്റെ കീഴിൽ കലാകായിക മത്സരങ്ങൾ തുടങ്ങി വിവിധ പരിപാടികൾ നടത്താനും, നാടൻ കലാരൂപങ്ങൾ, മറ്റ് കലാരൂപങ്ങൾ എന്നിവയെ പ്രോത്സാഹിപ്പിക്കാനും ഫണ്ട് ഉപയോഗിക്കുന്നതിനുമാണ് സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുമതി നൽകിയിട്ടുള്ളത്. എന്നാൽ പഠനയാത്രയ്ക്കായാണ് തുക ചെലവഴിച്ചിട്ടുള്ളത്.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/18.08.2025) ബാക്കിയുള്ള തുക സിഡിഎസിൽ നിന്നും തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. 17 വാർഡുകൾക്കുമായി ബാലസഭാ പ്രവർത്തനങ്ങൾക്ക് ചെലവഴിക്കാവുന്ന തുക 17000 രൂപയാണെന്നിരിക്കെ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികം ചെലവഴിച്ച 24160 രൂപ നിരാകരിക്കുന്നു.
2. ചെലവഴിക്കാതെ സിഡിഎസ് അക്കൗണ്ടിൽ അവശേഷിക്കുന്ന 108840 രൂപ തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്.
3. സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുമതി നൽകിയിട്ടുള്ള ഇനങ്ങൾക്ക് തുക

ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
(ഭാഗം 3-1 കാണുക).

1-21 എ.ബി.സി പ്രോഗ്രാം വിനിയോഗ വിവരം ഹാജരാക്കേണ്ടതാണ്

പ്രോജക്ട് നം.	29/25 (എ.ബി.സി പ്രോഗ്രാം)
നിർവഹണ ഉദ്യോഗസ്ഥൻ	വെറ്ററിനറി സർജൻ
അടങ്കൽ	300000 (വികസനഫണ്ട്-ജനറൽ)
ചെലവ്	300000
ബിൽ നം/ തിയതി	20/24.12.2024, ₹300000

2024-25 വർഷത്തിൽ തെരുവുനായ്ക്കളുടെ പ്രജനന നിയന്ത്രണത്തിനായിട്ടുള്ള എ.ബി.സി പ്രോഗ്രാമിന്റെ ഭാഗമായി 300000 രൂപ പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയ്ക്കു (അക്കൗണ്ട് നം.799011400002200) നൽകിയിട്ടുണ്ട്. തുക വിനിയോഗിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/18.08.2025) വിനിയോഗ വിവരം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.
ടി തുകയുടെ വിനിയോഗ വിവരം ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണ്.

1-22 ആശ്രയ പദ്ധതി -വിനിയോഗ വിവരം ഹാജരാക്കേണ്ടതാണ്

പ്രോജക്ട് നമ്പർ	61/25 (ആശ്രയ പദ്ധതി)
നിർവഹണ ഉദ്യോഗസ്ഥൻ	അസി.സെക്രട്ടറി
അടങ്കൽ	400000 (വികസന ഫണ്ട്-ജനറൽ)
ചെലവ്	400000
ബിൽ നം തിയതി	4/11.07.2024, ₹400000

ആശ്രയ പദ്ധതിയ്ക്കായി അനുവദിച്ച 400000 രൂപ പിൻവലിച്ച് കുടുംബശ്രീയുടെ ആശ്രയ-അഗതിരഹിത കേരളം അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്. (A/C No. 339402010017684).
രേഖകൾ പരിശോധിച്ചതിൽ, ആശ്രയ ഗുണഭോക്താക്കൾക്ക് ഭക്ഷ്യസാധനങ്ങൾ വാങ്ങുന്നതിനായി 340359 രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. ബാക്കിയുള്ള 59641 രൂപയുടെ വിനിയോഗ വിവരം ലഭ്യമല്ല.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/18.08.2025) തുക വിനിയോഗിച്ച് വിവരം അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.
ടി തുകയുടെ വിനിയോഗ വിവരം ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണ്.

1-23 ഏറാമംഗലം അങ്കണവാടി നിർമ്മാണം- വിനിയോഗ വിവരം ഹാജരാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നം.	166/25 (ഏറാമംഗലം അങ്കണവാടി നിർമ്മാണം)
അടങ്കൽ	₹200000 (തനത് ഫണ്ട്)

ചെലവ്	₹200000
വൗച്ചർ നം/ തിയതി	22400356/26.07.2024 ₹200000

ഏറാമംഗലം അങ്കണവാടി കെട്ടിടനിർമ്മാണം ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ എന്ന പ്രവർത്തിയ്ക്കായി തുക കൈമാറുക എന്നതാണ് പദ്ധതി.

കുഴൽമന്ദം ഗ്രാമപഞ്ചായത്തിലെ 1-ാം വാർഡിലെ ഏറാമംഗലം അങ്കണവാടി കെട്ടിടനിർമ്മാണത്തിനായി 200000 രൂപ എം.ജി.എൻ.ആർ.ഇ.ജി.എസ് മിഷൻ ഡയറക്ടറുടെ തിരുവനന്തപുരം ജില്ല ട്രഷറിയിലുള്ള ടി.എസ്.ബി (അക്കൗണ്ട് നം.799011400000486) അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടുണ്ട്. എം.ജി.എൻ.ആർ.ഇ.ജി.എസ് മിഷൻ മുഖേനയാണ് നിർമ്മാണം നടത്തി വരുന്നത്.

ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) പദ്ധതി പൂർത്തീകരിച്ചതിന്റെ വിവരം, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

2) MGNREGS മിഷൻ ഡയറക്ടറുടെ 14.02.2017-ലെ നം.2507/EGSA/2015/REGS കത്ത് പ്രകാരം പഞ്ചായത്തുകൾ തുക അനുവദിച്ചതിന്റെ വിവരങ്ങൾ ഒരു പ്രത്യേകം രജിസ്റ്ററിൽ എഴുതി രേഖപ്പെടുത്തേണ്ടതും സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ് എന്ന് പരാമർശിക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ ഇതു സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/18.08.2025) മറുപടി ലഭ്യമാക്കിയില്ല.

പദ്ധതി പൂർത്തീകരിച്ചതിന്റെ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണ്.

1-24 സോഷ്യൽ സെക്യൂരിറ്റി മിഷന് വിഹിതം നൽകൽ- വിനിയോഗ വിവരം ഹാജരാക്കേണ്ടതാണ്

പ്രോജക്ട് നം.	38/25 (കേരള സാമൂഹ്യ സുരക്ഷാ മിഷൻ വിഹിതം)
നിർവഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
അടങ്കൽ	500000/- വികസനഫണ്ട്(ജനറൽ)
ചെലവ്	500000
ബിൽ നം/ തീയതി	5/25.06.2024, 500000

സ.ഉ(സാധാ)നം.1209/2013/തസ്വഭവ, തീയതി.06.05.2013 ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് അവശത അനുഭവിക്കുന്നവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി സോഷ്യൽ സെക്യൂരിറ്റി മിഷന് തുക നൽകുന്നതിനാണ് പ്രോജക്ട് ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് 500000/- രൂപ കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് (അക്കൗണ്ട് നം.701011400000134) നൽകിയിട്ടുണ്ട്. സോഷ്യൽ സെക്യൂരിറ്റി മിഷനിൽ നിന്നും തുക വിനിയോഗിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18/18.08.2025) വിനിയോഗ വിവരം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

തുക വിനിയോഗിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-25 ഐ.കെ.എം വിഹിതം നൽകിയതിലെ അപാകതകൾ

പ്രോജക്ട് നം	SO001/25 (ഐ.കെ.എം പ്രവർത്തനഫണ്ട്)
നിർവഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
അടങ്കൽ	140000 (വികസന ഫണ്ട്-ജനറൽ)
ചെലവ്	117338
ബിൽ നം, തീയതി	8/06.07.2024

ഇൻഫർമേഷൻ കേരള മിഷൻ പ്രവർത്തനഫണ്ടിലേയ്ക്ക് ഗ്രാമപഞ്ചായത്തിന്റെ വിഹിതം നൽകുക എന്നതാണ് പ്രോജക്ട്.

പ്രോജക്ടിന്റെ ഭാഗമായി 2024-25 ലെ പ്രവർത്തനഫണ്ടിനത്തിൽ 117338 രൂപ ഐ.കെ.എം അക്കൗണ്ടിലേയ്ക്ക് (A/C No.57047023512, IFSC-SBIN0070690) കൈമാറിയിട്ടുണ്ട്. ഇതു സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ, ഇൻഫർമേഷൻ കേരള മിഷനിൽ നിന്നും ലഭ്യമായ 13/06/2024 തീയതിയിലെ നം.2128/എ7/ഐ.കെ.എം/2024 കത്തിൽ താഴെപ്പറയും പ്രകാരമാണ് വിഹിതം ആവശ്യപ്പെട്ടിട്ടുള്ളത്.

വർഷം	ഡിമാന്റ്	അടച്ച തുക	അടയ്ക്കാനുള്ളത്/ അധികം അടച്ചത്
2019-20	100613	100950	-337
2020-21	100968	100613	355
2021-22	101893	100968	925
2022-23	118663	102570	16093
2023-24	129910	276159	-146249
2024-25	117338	0	117338

2023-24 സാമ്പത്തിക വർഷത്തിൽ 146249 രൂപ അധികമായി ഐ.കെ.എം ന് നൽകിയിട്ടുണ്ട്. പ്രസ്തുത തുക ക്രമീകരിച്ച് തൊട്ടടുത്ത വർഷത്തിൽ തുക അനുവദിക്കുന്നതിനു പകരം ഡിമാന്റ് ചെയ്ത തുക പൂർണ്ണമായും നൽകുകയാണ് ചെയ്തിട്ടുള്ളത്. 2023-24 സാമ്പത്തിക വർഷത്തിൽ അധികമായി നൽകിയ 146249 രൂപ ബാക്കി നിൽക്കുന്ന സാഹചര്യത്തിൽ 2024-25 വർഷത്തിൽ ഡിമാന്റ് ചെയ്ത 117338 രൂപ കുറവ് ചെയ്താൽ പോലും 28911 രൂപ അധികമായാണ് ഐ.കെ.എമ്മിന് നൽകിയിട്ടുള്ളത്.

തുക ക്രമീകരിക്കാതെ അധികമായി വിഹിതം അനുവദിച്ചതിനുള്ള കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/18.08.2025) മറുപടി നൽകിയിട്ടില്ല.
നൽകാനുള്ള വിഹിതം കൃത്യമായി കണക്കാക്കേണ്ടതും പരിശോധിച്ച് ഉറപ്പാക്കി തുക നൽകാനും ശ്രദ്ധിക്കേണ്ടതാണ്. അധികമായി നൽകിയ തുക അടുത്ത സാമ്പത്തിക വർഷത്തിൽ ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-26 പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മേശ, കസേര വിതരണം - പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ- ഹെഡ്മാസ്റ്റർ

പ്രോജക്ട് നം.	SO156/25 (പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും)

അടങ്കൽ	1275000/- (വികസന ഫണ്ട്-എസ്.സി.പി)
ചെലവ്	515364
ബിൽ നം/ തീയതി	1) 1/10.03.2025, 171788 2) 4/20.03.2025, 171788 3) 6/25.03.2025, 171788

കുഴൽമന്ദം ഗ്രാമപഞ്ചായത്തിൽ താമസിക്കുന്ന 1-ാം ക്ലാസ്സ് മുതൽ +2 വരെ പഠിക്കുന്ന, പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കു മേശ, കസേര എന്നിവ വാങ്ങി നൽകുക എന്നതാണ് പ്രോജക്ട്.

പ്രോജക്ടിന്റെ ഭാഗമായി 2022-23 സാമ്പത്തിക വർഷത്തിൽ ഇ-ടെണ്ടർ ക്ഷണിക്കുകയും മേശയും കസേരയും ഉൾപ്പെടെ ഏറ്റവും കുറവ് ടെണ്ടർ തുകയായ 4772 രൂപ എന്ന നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള OC Tools, കുരിയച്ചിറ, തൃശ്ശൂർ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും താഴെപ്പറയുന്ന ഇൻവോയ്സുകൾ പ്രകാരം അവ വാങ്ങുകയും ചെയ്തിട്ടുണ്ട്.20.06.2023 തീയതിയിലെ 5/20 നമ്പർ തീരുമാന പ്രകാരം സ്ഥാപനത്തിന്റെ ടെണ്ടർ ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.

ക്രമ നം	ഇൻവോയ്സ് നം, തീയതി	എണ്ണം
1	15/24.03.2025, 171788	36
2	16/17.03.2025, 171788	36
3	34/14.10.2024, 171788	36
	ആകെ	108

ഇതു സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) സ.ഉ(കൈ)നം.115/2022/തസ്വഭവ, തിയതി.28.05.2022 നമ്പർ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.2.6 – പ്രകാരം സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകിയ ലിസ്റ്റ് പ്രകാരമാണ് വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകേണ്ടത്. എന്നാൽ അർഹരായ വിദ്യാർത്ഥികളുടെ ലിസ്റ്റ് ബന്ധപ്പെട്ട സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകിയിട്ടില്ല.

2) മേശ, കസേര എന്നിവ വിതരണം ചെയ്ത സ്ഥാപനവുമായി നിർവഹണ ഉദ്യോഗസ്ഥൻ കരാറിൽ ഏർപ്പെട്ടിട്ടില്ല.

3) പട്ടികജാതി വകുപ്പിൽ നിന്നും ഈ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

4) സബ്സിഡി മാർഗ്ഗരേഖ പ്രകാരം സ്ക്കൂൾ അധികൃതർ മുഖേനയാണ് വിതരണം ചെയ്യേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നിർവഹണ ഉദ്യോഗസ്ഥൻ മുഖേന നേരിട്ടാണ് വിദ്യാർത്ഥികൾക്ക് ഫർണീച്ചർ വിതരണം ചെയ്തിട്ടുള്ളത്.

5) തൻവർഷം 108 എണ്ണം മേശ, കസേര എന്നിവയാണ് വാങ്ങിയിട്ടുള്ളത്. എന്നാൽ വിതരണ രേഖകൾ പരിശോധിച്ചതിൽ 211 എണ്ണം വിതരണം ചെയ്തിട്ടുണ്ട്.

6) 2023-24 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ, കസേര എന്നിവ വാങ്ങി നൽകുന്നതിനായി 196/24 എന്ന പ്രോജക്ട് നടപ്പാക്കുകയും 144 വിദ്യാർത്ഥികൾക്ക് വാങ്ങി നൽകുകയും ചെയ്തിട്ടുണ്ട്.

സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഒരു വിദ്യാർത്ഥിയ്ക്ക് പഠനകാലയളവിൽ ഒരിക്കൽ മാത്രമേ ഈ ആനുകൂല്യം നൽകാവൂ.

വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ 2023-24 സാമ്പത്തിക വർഷത്തിൽ മേശ, കസേര എന്നിവ നൽകിയ വിദ്യാർത്ഥികൾക്ക് തന്നെ 2024-25 വർഷത്തിലും അവ നൽകിയിട്ടുണ്ട്.

രണ്ടു തവണ ആനുകൂല്യം അനുവദിച്ച വിദ്യാർത്ഥികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	വിദ്യാർത്ഥിയുടെ പേര്, വിലാസം	വാർഡ് നം	ആധാർ നം
1	അക്ഷയ്.ടി.എസ്, S/O.ശിവകുമാരൻ, തായങ്കോട്ടു പുര, കുഴൽമന്ദം	6	436370482739
2	നിധിൻ.എസ്, S/O.സുന്ദരൻ, പെലച്ചിരംകാട്, കണ്ണന്നൂർ	7	840731821288
3	സോന.ആർ, D/O.രാമദാസ്, സോനാലയം, പെരുങ്കുന്നം	11	307204195175
4	അശ്വനി.എസ്, D/O.സ്വാമിനാഥൻ, പഴയകളം, ചിതലി	14	853624348306
5	അനശ്വര, D/O.രാധാകൃഷ്ണൻ, ചെമ്മാണാം പറമ്പ്, കുഴൽമന്ദം	14	632941283875

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.19/18.08.2025) മറുപടി ലഭ്യമാക്കിയില്ല.
സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പ്രോജക്ടുകൾ നടപ്പാക്കാൻ ശ്രമിക്കേണ്ടതാണ്. മേൽപ്പറഞ്ഞ അപാകതകൾക്കുള്ള കാരണം അറിയിക്കേണ്ടതാണ്. ഒരേ വിദ്യാർത്ഥികൾക്ക് രണ്ടു തവണ ആനുകൂല്യം അനുവദിച്ചതിനാലുണ്ടായ അധിക ചെലവ് 23860 രൂപ (4772X5) നിരാകരിക്കുന്നു.
(ഭാഗം 3-3 കാണുക)

1-27 ഹൈമാസ്റ്റ്/ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ- പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി ഹൈമാസ്റ്റ്/ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി താഴെപ്പറയുന്ന പ്രോജക്ടുകൾ തൻവർഷം ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

1) പ്രോജക്ട് നം.	160/25 (കൊല്ലംപറമ്പ് എസ്സി കോളനിയിൽ ഹൈമാസ്റ്റ്-സ്പിൽ ഓവർ)
അടങ്കൽ	250000 (വികസനഫണ്ട്-SCP)
ചെലവ്	174050
ബിൽ നം/ തിയതി	30/17.03.2025, 174050

2) പ്രോജക്ട് നം.	109/25 (പുത്തൻതറ വാർഡ് എസ്സി കോളനിയിൽ ഹൈമാസ്റ്റ്)
അടങ്കൽ	320000 (വികസനഫണ്ട്-SCP)
ചെലവ്	319973
ബിൽ നം/ തിയതി	28/17.03.2025, 319973
